# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5653 27.10.2011 - ൽ മറുപടിയ്ക്ക്**

<u>കണ്ണൂർ കക്കാട് സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കക്കാട് (LL 216) ൽ കഴിഞ്ഞ സാമ്പത്തിക വർഷം ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതു തരം അന്വേഷണമെന്ന് വിശദമാക്കാമോ; | (ബി) | സഹകരണ നിയമം 65 -ാം വകുപ്പ് പ്രകാരമുള്ള അന്വേഷണമാണ് നടത്തിയത് |
| (സി) | അന്വേഷണത്തിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്; | (സി) | 58,80,335 രൂപയുടെ. |
| (ഡി) | ആരെല്ലാമാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | സംഘം മുൻ സെക്രട്ടറിയും സംഘം മുൻ ഭരണസമിതിയുമാണ് ഉത്തരവാദികൾ എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ഇ) | ടി സംഘത്തിൽ സഹകരണ നിയമം 65 -ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ടിൻമേൽ തുടർ നടപടികൾ സ്വീകരിക്കുകയും, സംഘം ഭാരവാഹികൾക്കെതിരായി ഇന്ത്യൻ ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ കൈക്കൊള്ളുന്നതിന് കണ്ണൂർ ജില്ലാ |

| | | | |
|---|---|---|---|
| | | | പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഐ.പി.സി 409, 420 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 974/10 ആയി 15.10.2010 ൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളായ ശ്രീ. സി.പി. അപ്പുക്കുട്ടൻ, ശ്രീ. കെ.കെ.കൃഷ്ണകുമാർ, ശ്രീ. മനോജ് എന്നിവരെ 11.12.2010 ൽ അറസ്റ്റ് ചെയ്യുകയും വിചാരണയ്ക്കായി ടി കേസ് സി.സി നം. 172/11 ആയി കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (എഫ്) | പ്രസ്തുത സൊസൈറ്റിയിലെ നിക്ഷേപകർക്ക നിക്ഷേപത്തുക തിരികെ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എഫ്) | സംഘത്തിലെ നിക്ഷേപകരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തിടത്. ഉത്തരവാദികളിൽ നിന്ന് തുക ഈടാക്കി നിക്ഷേപം തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ